**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3188** | **19.06.2018-ൽ മറുപടിയ്ക്ക്** |
|---|---|

**ടെലികോം കമ്പനികളിൽ നിന്ന് ഈടാക്കുന്ന തറവാടക**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | ടെലികോം കമ്പനികൾ റോഡിലൂടെ കേബിൾ വലിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ തറവാടക ഈടാക്കിയിരുന്നോ; എങ്കിൽ എന്ത് നിരക്കിലാണ് തറവാടക ഈടാക്കിയിരുന്നത്; | (എ) | ഈടാക്കിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു ഏകീകൃത നിരക്കിലല്ല തറവാടക ഈടാക്കിയിരുന്നത്. |
| (ബി) | പ്രസ്തുത തറവാടക ഈടാക്കരുത് എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളിലൂടെ ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് RoW അനുമതിക്കായി ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് നിശ്ചയിച്ചിട്ടുള്ള / നിശ്ചയിക്കുന്ന ഫീസും കാലാകാലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലുള്ള റോഡ് കട്ടിംഗ് & റീസ്റ്റോറേഷൻ ചാർജ്ജുകളും അല്ലാതെ മറ്റൊരു ഫീസും (ട്രാക്ക് റെന്റ്, യൂസർ ഫീ, തറവാടക തുടങ്ങിയവ) ടെലിക്കോം സേവനദാതാക്കളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കാൻ പാടില്ലാ എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>കേന്ദ്ര ഉപരിതലഗതാഗത മന്ത്രാലയം 2013 ൽ പുറത്തിറക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി , ടെലിക്കാം സേവന ദാതാകൾക്കും, ഇൻഫ്രാസ്ട്രക്ച്ചർ പ്രൊവൈഡേഴ്സിനും സംസ്ഥാനത്തെ റോഡ് ശൃംഘലകളിൽ കൂടി ഓപ്റ്റിക്കൽ ഫൈബർ കേബിൾ (ഒ.എഫ്.സി.) ഇടുന്നതിന് RoW അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് 15.09.2015 ലെ സ.ഉ.(കൈ) നം 39/2015/വി.സ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ വ്യവസ്ഥകൾ പ്രകാരം ടെലിക്കോം സേവന ദാതാക്കൾ RoW അനുമതിക്കായി ഒരു കിലോമീറ്ററിന് 75000/- രൂപ എന്ന നിരക്കിൽ One Time Contribution അടക്കേണ്ടതാണ്. കൂടാതെ ഷോൾഡർ കട്ടിംഗ്, ബി.റ്റി.സർഫസ് കട്ടിംഗ്, ഒ.എഫ്.സി.വർക്സ് എന്നിവയ്ക്കായി ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നിലവിലെ നിരക്കിലുള്ള റിസ്റ്റോറേഷൻ ചാർജ്ജസ് മുൻകൂറായി ടെലികോം സേവന ദാതാക്കൾ |

| | | | |
|---|---|---|---|
| | | | റോഡ് അധികാരികൾക്ക് നൽകേണ്ടതാണ്. ഇപ്രകാരം One Time Contribution-നും റിസ്റ്റോറേഷൻ ചാർജ്ജസും അല്ലാതെ മറ്റൊരു പേരിലുള്ള യാതൊരു തുകയും ടെലികോം സേവനദാതാക്കളിൽ നിന്നും ഈടാക്കുവാൻ പാടുള്ളതല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടെലികോം സേവന ദാതാക്കളിൽ നിന്നും റോഡ് കട്ടിംഗ് & റീസ്റ്റോറേഷൻ, RoW അനുമതി എന്നിവയുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പും പൊതുമരാമത്തു വകുപ്പും നിശ്ചയിച്ചിട്ടുള്ള നിരക്കിനെക്കാൾ അധികരിച്ച നിരക്കുകൾ ഡിമാന്റ് ചെയ്യുകയും, ട്രാക്ക് റെന്റ്, തറവാടക, യൂസർ ഫീ തുടങ്ങിയ ഇനത്തിൽ അമിത ഫീസുകൾ ഈടാക്കുകയും ചെയ്യുന്നതുമൂലം പല സ്ഥലങ്ങളിലും ഒ.എഫ്.സി. കേബിൾ ഇടുന്ന പ്രവൃത്തി തടസ്സപ്പെടുകയും ഇത് വിവരസാങ്കേതികവിദ്യാരംഗത്തെ നൂതനമായ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന് വിഘാതമായി നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പ്രസ്തുത നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (സി) | ഇതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിലുണ്ടാകുന്ന നഷ്ടം സർക്കാർ മടക്കി നൽകുമോ; വ്യക്തമാക്കുമോ? | (സി) | ഒ.എഫ്.സി. കേബിൾ ഇടുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പും പൊതുമരാമത്തു വകുപ്പും നിശ്ചയിച്ചിട്ടുള്ള ഫീസുകൾ നിയമാനുസരണം ഈടാക്കുന്നതിന് തടസ്സമില്ല. അധിക നിരക്കും അനധികൃത ഫീസുകളും ഈടാക്കരുതെന്ന് മാത്രമേ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളൂ. അതിനാൽ ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന തനത് വരുമാനകുറവിനെ നഷ്ടമായി കണക്കാക്കാനാകില്ല.<br>നിലവിൽ കിലോമീറ്ററിന് 75000/- രൂപ എന്ന നിരക്കിൽ ഈടാക്കുന്ന One Time Contribution മുഴുവനായും റോഡിന്റെ അധികാരമുള്ള വകുപ്പ് / തദ്ദേശസ്ഥാപനത്തിന് അവരുടെ അധികാര പരിധിയിൽപ്പെടുന്ന റൈറ്റ് ഓഫ് വേ (RoW) അനുമതി ലഭ്യമായ റോഡിന്റെ നീളത്തിന് ആനുപാതികമായി നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ